അനുവദിക്കാൻ നിവർത്തിയില്ലാത്ത ഒരു സാഹചര്യമാണ്. എന്തായാലും ഇന്നത്തെ നിലക്ക് ഈ കമ്മിറ്റിക്ക് മുഴുവൻ സംഖ്യയും പിരിച്ചുകൊണ്ട് ഇത് നിലനിർത്താൻ സാധിക്കുമോ എന്നുള്ള കാര്യത്തിൽ ഉറപ്പായിട്ടില്ല. എങ്കിലും കളക്ടർ ഇക്കാര്യത്തിൽ പണം കണ്ടെത്താനുള്ള ശ്രമത്തിലാണ്. അദ്ദേഹത്തിന്റെ ശ്രമം വിജയിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും അതിന് ബഹുമാനപ്പെട്ട മെമ്പറും നമ്മളുമെല്ലാം ഉൽസാഹിച്ച് ആവശ്യമായ പണം കണ്ടെത്തുകയും ചെയ്യണം. ഗവൺമെന്റിന് അത് ഏറ്റെടുക്കാനാവശ്യമായ സാമ്പത്തിക സ്ഥിതിയില്ല.

(2) വാമനപുരത്ത് കോട്ടുകുന്നം കൊടിയിൽ വീട്ടിൽ ഇന്ദിരയുടെ കൊലപാതകം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, വാമനപുരത്ത് കോട്ടുകുന്നം കൊടിയിൽ വീട്ടിൽ കുട്ടന്റെ മകൾ 26 വയസ്സുള്ള സുന്ദരിയായ ഇന്ദിരയെ 1986 ജൂൺ 14-ന് പുളിമാത്തു വില്ലേജിൽ പേടിക്കുളത്തെ റെക്സ് ഹൗസിൽ സോമന്റെ മകൻ ലക്കിസോമൻ കല്ല്യാണം കഴിച്ചു. ലക്കിസോമൻ ഒരു മന്ദബുദ്ധിയാണ്. പണക്കാരനായതുകൊണ്ടുമാത്രമാണ് പാവപ്പെട്ട ഇന്ദിരയെ മന്ദബുദ്ധിയാണെങ്കിൽകൂടി ലക്കിസോമന് കല്ല്യാണം കഴിക്കാൻ കഴിഞ്ഞത്. 1986 ജൂലൈ 8-ാം തിയ്യതി രാവിലെ ഇന്ദിര, ഭർത്താവും ഭാര്യയും ഉറങ്ങിക്കിടക്കുന്ന അതേ മുറിയുടെ ജനലിൽ കെട്ടിത്തൂങ്ങിക്കിടക്കുന്നതാണ് കണ്ടത്. സർ, ഒറ്റനോട്ടത്തിൽ ഇതൊരു കൊലപാതകമാണെന്ന് ആർക്കും മനസ്സിലാകും. സ്ഥലത്തുവന്ന പോലീസിന് സംശയം തോന്നിയതുകൊണ്ട് ആർ.ഡി.ഒ. ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിലാണ് പോസ്റ്റുമോർട്ടം നടത്തിയത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇതൊരു കൊലപാതകമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ 302-ാം വകുപ്പനുസരിച്ച് കേസ്സെടുക്കണം. കൊലയാളിയെ ഇതുവരെ അറസ്റ്റു ചെയ്തിട്ടില്ല. ഈ കൊലപാതകം ചെയ്തത് ലക്കിസോമന്റെ അനുജൻ ജോയി സോമനാണ്. ജോയി സോമൻ ഇന്ദിരയെ ബലാൽക്കാരം ചെയ്യാൻ ശ്രമിക്കുകയും അതിനുവഴിപ്പെടാത്തതുകൊണ്ട് ബലപ്രയോഗത്തിൽ ഇന്ദിര മരിക്കുകയുമാണ് ചെയ്തത് എന്നാണ് ആ സ്ഥലത്തെ മുഴുവൻ ആളുകളും സംശയിക്കുന്നത്. ഇന്ദിര എന്റെ നിയോജകമണ്ഡലത്തിലും ലക്കിസോമൻ ശ്രീമതി. ഭാർഗ്ഗവി തങ്കപ്പന്റെ നിയോജകമണ്ഡലത്തിലുമാണ്. ഞങ്ങൾ രണ്ടുപേരും അവിടെപോയി. ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു അതൊരു കൊലപാതകമാണെന്ന്. അവിടെ ആളുകൾ മുഴുവൻ ഇളകിയിരിക്കുകയാണ്. ഈ കൊലപാതകിയെ അറസ്റ്റുചെയ്യാൻ യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇടപ്പെടണം. കൊലപാതകിയെ ഉടൻ അറസ്റ്റുചെയ്യാൻ എന്താണ് തടസ്സം? തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കി കൊലപാതകിയെ അറസ്റ്റു ചെയ്ത് ഇതേപ്പറ്റി ക്രൈംബ്രാഞ്ചിനെകൊണ്ട് അന്വേഷിപ്പിച്ച് അതിന്റെ സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവന്ന് കുറ്റക്കാരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സംഭവത്തിൽ സോമന്റെ സാമ്പത്തിക സൗകര്യം കണക്കാക്കിയാണ് കല്ല്യാണം കഴിച്ചുകൊടുത്തിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ അവരുടെ ദാമ്പത്യ ജീവിതം വളരെയധികം ദുഃഖകരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയിലെത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന് ഒരുതരം അസുഖം ഉണ്ടെന്നും ദേഹോപദ്രവം ചെയ്യുകയെന്നുള്ളത് മറെറാരു പ്രത്യേകതയാണെന്നുമാണ് റിപ്പോർട്ടിൽ കാണുന്നത്. ഈ സംഭവം നടക്കുന്ന ദിവസം കാലത്ത് അദ്ദേഹം പുറത്തേയ്ക്കുപോയി തിരിച്ചുവന്ന സമയത്ത് മരണപ്പെട്ടതായി കണ്ടുവെന്നുമൊക്കെയാണ് പറയുന്നത്. പക്ഷേ പിന്നീട് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കാണാൻ സാധിക്കുന്നത് ഇതൊരു കൊലപാതകമല്ല, ആത്മഹത്യയാണെന്നാണ്. ദേഹത്തിൽ കാണുന്ന പരിക്ക് ഈ സ്വഭാവത്തിന്റെ ചില പ്രകടനമാണെന്നാണ്. എന്തായാലും ശരി ആ റിപ്പോർട്ട് അതേപടി സ്വീകരിച്ച് ക്ലോസ് ചെയ്യുന്നില്ല, കൈംബ്രാഞ്ചിനെ ഏൽപ്പിക്കാം.

(3) കുന്ദംകുളം ആശുപത്രിയുടെ ദയനീയാവസ്ഥ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, 97 വർഷംമുമ്പ് പ്രവർത്തനമാരംഭിച്ച വളരെ പ്രശസ്തമായി നടന്നിരുന്ന കുന്ദംകുളം ആശുപത്രിയുടെ ദയനീയസ്ഥിതി മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഇത് അവതരിപ്പിക്കുന്നത്. ഇത് ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചതാണ്. ഇപ്പോഴത്തെ അതിന്റെ സ്ഥിതി, ഏതാണ്ട് മാർക്കറിനേക്കാൾ പരിതാപകരമാണ്. കെട്ടിടം ചോർന്നൊലിക്കുന്നതുകൊണ്ട് രോഗികൾക്ക് കിടക്കാൻവയ്യ. മരുന്നില്ല. ഔട്ട് പേഷ്യൻറ് സ്ലിപ്പ് പോലും കൊടുക്കാനുള്ള ഏർപ്പാടില്ല. ഇപ്പോഴത്തെ രോഗികൾക്ക് കയറിച്ചെല്ലാൻ കഴിയാതെയായി. 97 വർഷം മുമ്പ് തൃശ്ശൂരിലെ ഇപ്പോഴത്തെ മെഡിക്കൽ കോളേജ് ആശുപത്രി എന്നുപറയുന്ന ജില്ലാ ആശുപത്രി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തമായി നടന്നിരുന്ന ആശുപത്രിയാണ്. എത്രപ്രാവശ്യം ഈ പ്രശ്നം ഉന്നയിച്ചിട്ടും ഈ കാര്യത്തിനുവേണ്ടി ഒന്നും ചെയ്തില്ല. ഇതിനുശേഷം അവിടത്തെ മുനിസിപ്പാലിറ്റിയും ഹെൽത്ത് ഡിപ്പാർട്ടുമെൻറുംകൂടി ഒരു ധാരണയിലെത്തി. മുനിസിപ്പാലിറ്റിക്ക് ഷോപ്പിംഗ് കോംപ്ലക്സിന് കുറച്ച് സ്ഥലം വിട്ടുകൊടുത്താൽ 30ലക്ഷം രൂപ ചെലവുചെയ്ത് കെട്ടിടം കെട്ടിക്കൊടുക്കാമെന്നു പറഞ്ഞു. ആ കരാർ പോലും നടപ്പിലാക്കുന്നതിന് ഗവൺമെൻറിന് മുൻകൈ എടുപ്പിക്കാൻ കഴിയുന്നില്ല. അതാണു സ്ഥിതി. ഏതായാലും ഇപ്പോഴത്തെ ഹെൽത്ത് വകുപ്പിന്റെ ശരിക്കുള്ള പ്രതിഛായയും മുഖഛായയുമാണ് ആ ആശുപത്രി. അതിന്റെ തൊട്ടടുത്ത് ഒരു മൃഗാശുപത്രിയും നടക്കുന്നുണ്ട്. മനുഷ്യർക്ക് കയറി നിൽക്കാൻപോലും കഴിയാത്തരീതിയിലുള്ള ഈ അപമാനകരമായ സ്ഥിതി മാറുന്നതിന് എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കുന്ദംകുളം ആശുപത്രിയുടെ കെട്ടിടം പുതുക്കിപണിയണമെന്നുള്ള റപ്രസന്റേഷൻ കിട്ടിയതിനെതുടർന്ന് അത് പരിശോധിച്ചു. മുനിസിപ്പാലിറ്റിയുടെ ഓഫർ 30 സെൻറ് സ്ഥലം മുനിസിപ്പാലിറ്റിക്ക് വിട്ടുകൊടുക്കുകയും 25ലക്ഷത്തിൽകൂടുതൽ വരുന്ന സംഖ്യ കൊടുക്കുകയും ചെയ്താൽ അവർ കെട്ടിടം പണിത് അവർക്ക് ഷോപ്പിംഗ് കോംപ്ലക്സിന് ഉപയോഗിച്ചിട്ട് ബാക്കിയുള്ള സ്ഥലം ആശുപത്രിക്ക് ഉപയോഗിക്കാമെന്നാണ്. മുനിസിപ്പാലിറ്റി പണിയുന്ന കെട്ടിടത്തിൽ ആശുപത്രിയുണ്ടാകുമ്പോൾ ഏതവസരത്തിലും അവർക്ക് അത് ഒഴിഞ്ഞുകിട്ടാൻ ആവശ്യപ്പെടാം. അതുമാത്രമല്ല ഷോപ്പിംഗ് കോംപ്ലക്സിന്റെ തൊട്ടടുത്തുതന്നെ ആശുപത്രി കെട്ടിടവും വരും. അതൊരു

LIBRARY ARCHIVES Kerala Legislative Assembly